■അഭിമുഖം■

ഡോ. അശ്റഫ് മൗലവി

# 'കേരളത്തിൽ ഹദീസ് വിജ്ഞാനീയത്തിൽ സ്വതന്ത്ര രചനകൾ ഉണ്ടാകുന്നില്ല'

**മുപ്പത് വർഷത്തിലേറെയായി ഹദീസ്‌വിജ്ഞാനരംഗത്ത് സേവനമനുഷ്ഠിക്കുന്ന പണ്ഡിതനാണ് ഡോ. അശ്റഫ് മൗലവി. ഡോ. മുഹമ്മദ് അശ്റഫ് മലൈബാരി എന്ന പേരിലാണ് അറബ്‌ലോകത്ത് അദ്ദേഹം അറിയപ്പെടുന്നത്. മദീന ഇസ്‌ലാമിക് യൂനിവേഴ്‌സിറ്റിയിലായിരുന്നു പഠനം. ഡോക്ടറേറ്റ് നേടിയതും ഇവിടെനിന്നു തന്നെ. മസ്ജിദുന്നബവിയിൽ ഉസ്താദ് സഅദുദ്ദീൻ മൗലവി മലയാളത്തിൽ ആഴ്ചയിലൊരിക്കൽ പ്രഭാഷണം നടത്താറുണ്ടായിരുന്നു. അദ്ദേഹത്തിന്റെ മരണശേഷം ഈ ചുമതല ഡോ. അശ്റഫ് മൗലവിക്കായി. പിന്നീട് പ്രാദേശിക ഭാഷകളിലെ ക്ലാസ് നിർത്തൽ ചെയ്തപ്പോൾ ഇത് മദീനയിലെ മസ്ജിദു അബൂദർറിലേക്ക് മാറ്റി. ഈ ക്ലാസ് മൗലവി വെള്ളിയാഴ്ചകളിൽ ഇപ്പോഴും തുടരുന്നുണ്ട്. 20 വർഷം ഖസ്വസ്വുൽ അമ്പിയാ (പ്രവാചകന്മാരുടെ ചരിത്രം) പരമ്പരയായി ക്ലാസെടുത്തിരുന്നു. ഹജ്ജ് സീസണിലും സ്ഥിരമായി ക്ലാസെടുക്കാറുണ്ട്. പല സമ്മേളനങ്ങളിലും അറബി ഭാഷയിൽ പ്രബന്ധങ്ങൾ അവതരിപ്പിക്കുകയുണ്ടായി. ഏറ്റവുമൊടുവിൽ 'ഖുർആൻ ഓറിയന്റലിസ്റ്റ് പഠനങ്ങളിൽ' എന്ന തലക്കെട്ടിൽ മദീനയിൽ നടന്ന സമ്മേളനത്തിലും മൗലവി പ്രബന്ധം അവതരിപ്പിച്ചു. കാസർകോട് ടൗണിൽ റെയിൽവേ സ്റ്റേഷൻ ഭാഗത്താണ് ജനനം. ഭാര്യ സഅദുദ്ദീൻ മൗലവിയുടെ മകളും മദീനയിലെ വൈജ്ഞാനിക-സാമൂഹിക രംഗങ്ങളിൽ സേവനമർപ്പിക്കുന്നവരുമായ ഫാത്വിമ സഅ്ദുദ്ദീൻ. സൗദി പൗരത്വമുള്ളവരാണിവർ. 5 മക്കളുണ്ട്. ഹദീസ് സമാഹരണത്തിലും ഹദീസ് പാഠ വിജ്ഞാനീയത്തിലും നടക്കുന്ന പുതിയ ഗവേഷണ പഠനങ്ങളെക്കുറിച്ചും കേരളത്തിൽ ശ്രദ്ധേയമായ ഹദീസ് പഠനങ്ങൾ ഉണ്ടാവാത്തതിന്റെ കാരണങ്ങളെക്കുറിച്ചും അദ്ദേഹം സംസാരിക്കുന്നു.**

**തയാറാക്കിയത്: റഫീഖുർറഹ്മാൻ മൂഴിക്കൽ**

▶ *ഹദീസ് പഠനങ്ങളിൽ വല്ല ന്യൂനതയും ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?*

വിശുദ്ധ ഖുർആൻ രണ്ട് ചട്ടകൾക്കകത്ത് ക്രോഡീകരിക്കപ്പെട്ട പോലെ സ്വഹീഹും ഹസനുമായ ഹദീസ് (പ്രബലമായവ മാത്രം) ക്രോഡീകരിക്കപ്പെട്ടില്ലെന്നതാണ് ഹദീസ് വിജ്ഞാനരംഗത്ത് ഇപ്പോഴും കാണപ്പെടുന്ന പോരായ്മകളിലൊന്ന്. മദീനാ യൂനിവേഴ്‌സിറ്റി കേന്ദ്രമാക്കി പ്രമുഖ പണ്ഡിതൻ ദിയാഉർറഹ്മാൻ അഅ്ളമി രണ്ട് വർഷം മുമ്പ് ഇത്തരമൊരു ശ്രമം ആരംഭിച്ചത് സന്തോഷകരമാണ്. 15 വർഷം കൊണ്ട് ഈ പദ്ധതി പൂർത്തിയാക്കുമെന്നാണ് അദ്ദേഹം പറയുന്നത്. 15,000 -ൽ അധികം വരുന്ന സ്വഹീഹായ ഹദീസുകളുടെ സമാഹാരമായിരിക്കും ഇത്. ഇപ്പോൾ നിലവിലുള്ള മുഴു

വൻ ഹദീസ് ഗ്രന്ഥങ്ങളും മുമ്പിൽ വെച്ചാണ് ഈ ഗവേഷണം നടക്കുന്നത്.

▶ *ഹദീസ് വിജ്ഞാനീയം കേരളത്തിൽ അവഗണിക്കപ്പെട്ടതായി താങ്കൾ കരുതുന്നുണ്ടോ?*

കഴിഞ്ഞ 50 വർഷങ്ങൾക്കകം അറബ് ലോകത്ത്നിന്ന് ഹദീസ് വിജ്ഞാന ശാഖക്കുണ്ടായ സംഭാവനകൾ നിരവധിയാണ്. ഭൗതിക വിജ്ഞാനീയങ്ങളിലുണ്ടായ വിസ്ഫോടനം ഇത്തരം പഠനങ്ങളെ ത്വരിതഗതിയിലാക്കിയിട്ടുണ്ട്. നേരത്തെ കയ്യെഴുത്തു സംവിധാനമായിരുന്നതിനാൽ വർഷങ്ങൾ നീണ്ട പ്രയത്നം വേണം ഒരു ഗ്രന്ഥം തയാറാക്കാൻ. ഒറ്റമാസംകൊണ്ട് ബൃഹദ് ഗ്രന്ഥം വരെ അച്ചടിക്കാവുന്ന സംവിധാനമാണല്ലോ ഇപ്പോൾ. ഈ സൗകര്യം പഴയ ഹദീസ് ഗ്രന്ഥങ്ങളിൽ അനവധി ഗവേഷണങ്ങൾക്ക് അടുത്ത കാലത്ത് വഴിതുറക്കുകയുണ്ടായി. നബിവചനങ്ങളിലെ പ്രത്യേക പദങ്ങളിലും ശാഖകളിലും വരെ പഠനങ്ങൾ നടക്കുകയാണ്. ഹദീസിലെ ഹബ്വതുസ്സൗദാഅ് (പെരുഞ്ചീരകം), സംസം, ത്വിബ്ബുന്നബി തുടങ്ങിയ ശീർഷകങ്ങളിൽ നടന്ന പഠനങ്ങൾ ഉദാഹരണം.

ഹദീസ് ക്രോഡീകരണത്തിലും കൈമാറ്റത്തിലും സ്ത്രീസമൂഹം വഹിച്ച പങ്കിനെ സംബന്ധിച്ച പഠനങ്ങളും ഈയിടെ പ്രസിദ്ധീകരിക്കപ്പെടുകയുണ്ടായി. *ഇനായതുന്നിസാഅ് ഫിൽ ഹദീസിന്നബവി: സ്വഫ്ഹാതുൻ മുളീഅ മിൻ ഹയാത്തിൽ മുഹദ്ദിസാതി ഹത്തൽ ഖർനി സ്സാലിസിൽ ഹിജ്രി* (ഹിജ്റ മൂന്നാം നൂറ്റാണ്ട് വരെയുള്ള പ്രമുഖ ഹദീസ് നിവേദകരായ വനിതകൾ) എന്ന പുസ്തകം ഈ ഇനത്തിൽ പെട്ടതാണ്. ഇത് രചിച്ചത് മശ്ഹൂർ അൽ സൽമാൻ (ഇബ്നു അഫ്ഫാൻ പ്രസ്, അൽ ലുബർ, സുഊദി അറേബ്യ ഹി. 1414). ഖത്തറിൽനിന്ന് ആമാൽ ഹുസൈൻ എന്ന പണ്ഡിത രചിച്ച *ദൗറുൽ മർഅഃ ഫീ ഖിദ്മതിൽ ഹദീസി ഫിൽ ഖുറൂനിസ്സലാസതിൽ ഊലാ* എന്ന ഗ്രന്ഥവും നിലവിലുണ്ട്. ഈ ഗ്രന്ഥങ്ങളൊക്കെ സ്വന്തം ഗവേഷണമാണ് വിവർത്തനങ്ങളല്ല. കേരളത്തിൽ ഇസ്‌ലാമിക ഗ്രന്ഥങ്ങൾ മിക്കതും വിവർത്തന കൃതികളാണ്. സ്വന്തമായി പഠന ഗവേഷണങ്ങൾ നടക്കാത്തതുകൊണ്ടാണിത്. പണ്ഡിതന്മാർ സ്വന്തം നിലയിൽ ചിന്തിക്കാനും പഠിക്കാനും തുനിയുമ്പോഴാണ് പുതിയ ചക്രവാളങ്ങളുണ്ടാവുക. അതിന്ന് പൂർവകാല പണ്ഡിതന്മാരുടെ ഗ്രന്ഥത്താളുകളിൽ തപസ്സ് ആവശ്യമാണ്. അപ്പോഴാണ് അറിവിന്റെ യഥാർഥ മാധുര്യം അനുഭവിക്കാനാവുക. പരിഭാഷകൾ സാധാരണക്കാർക്ക് പ്രയോജനപ്പെടും എന്നേയുള്ളൂ.

▶ *സുന്നത്തിന്റെ പ്രാമാണികതക്കെതിരെ കടന്നാക്രമണങ്ങൾ നടക്കുകയാണല്ലോ?*

സുന്നത്തിന്റെ പ്രാമാണികതക്കെതിരെ പലതരത്തിലും ആക്രമണങ്ങൾ ഉണ്ടായിട്ടുണ്ട്. ചിലപ്പോൾ അത് ഹദീസിന്റെ നിലനിൽപ്പിനെ ചോദ്യം ചെയ്യുന്ന തരത്തിലായിരുന്നു. പ്രവാചകനിൽ നിങ്ങൾക്ക് ഉത്തമ മാതൃകയുണ്ടെന്ന് ഖുർആൻ പറയുന്നു. ഹദീസ് തള്ളുന്നതോടെ ഈ അടിത്തറ നിരാകരിക്കപ്പെടുകയാണ്. വിവിധ റിപ്പോർട്ടുകളിൽ ഒരു വിഷയത്തിൽ വൈരുധ്യമുണ്ടെന്ന് വാദിച്ചും ഹദീസിനെതിരെ നീക്കങ്ങൾ ഉണ്ടായിട്ടുണ്ട്. യാഥാർഥ്യത്തിന്നു നിരക്കാത്ത ഉപരിപ്ലവമായ മുഅ്തസിലികളായിരുന്നു ഈ കുപ്രചാരണങ്ങളുടെ ഒന്നാമത്തെ വാഹകർ. അവരിൽനിന്ന് അത് ഓറിയന്റലിസ്റ്റുകൾ പകർത്തുകയും പർവതീകരിക്കുകയും ചെയ്തു. നബിയുടെ കാലത്തേക്ക് മാത്രം ബാധകമാണ് ഹദീസ് എന്ന് വരുത്തിത്തീർക്കാനായിരുന്നു അവരുടെ ശ്രമം. ഗോൾഡ് സഹർ (മ. 1921) 1890-ൽ പ്രസിദ്ധീകരിച്ച 'ഇസ്‌ലാമിക പഠനങ്ങൾ' എന്ന ഓറിയന്റലിസ്റ്റ് കൃതിയിൽ ഇത്തരം ആരോപണങ്ങൾ ഉന്നയിച്ചതായി കാണാം. ഗവേഷകരുടെ അവലംബമായി ഈ കൃതി പിന്നീട് മാറുകയും ചെയ്തു. ജോസഫ് സാഖ്ത് (മ. 1969) രചിച്ച് 1950-ൽ ഓക്സ്ഫോർഡിൽ പ്രസിദ്ധീകൃതമായ *ബിദായതു ഫിഖ്ഹിൽ ഇസ്‌ലാമീ* എന്ന ഗ്രന്ഥവും ഇത്തരത്തിലുള്ളതാണ്. ഡോ. മുഹമ്മദ് മുസ്ത്വഫാ അഅ്ളമിയുടെ *ദിറാസാതുൻ ഫിൽ ഹദീസിന്നബവി* എന്ന ഗ്രന്ഥത്തിൽനിന്ന് ഇതു സംബന്ധമായ കൂടുതൽ വിവരം ലഭിക്കും. സുന്നത്തിന്റെ പ്രാമാണികത ചോദ്യം ചെയ്യപ്പെട്ടതിനെതിരെ വിരചിതമായ നിരവധി കൃതികളുണ്ട്. അവയിൽ ചിലത്. 1) *ഹുജ്ജിയ്യത്തുസ്സുന്ന:* ഗ്രന്ഥകർത്താവ്: അബ്ദുൽഗനി അബ്ദുൽ ഖാലിഖ് (1326-1402 ഫസ്റ്റ് എഡിഷൻ അമേരിക്കയിൽ ഹി. 1402). 2) *ദിഫാഉൻ അനിസ്സുന്ന:* മുഹമ്മദ് അബൂ ശബ്ഹ (മ. ഹി. 1402). 3) *ബയാനു ശുബ്ഹൽ വാരിദതി അല സ്സുന്നത്തി ഖദീമൻ വ ഹദീസൻ* - മുഹമ്മദ് അബൂ ശബ്ഹ. 4) *അസ്സുന്നത്തു വമകാനതുഹാ ഫിത്തശ്രീഇൽ ഇസ്‌ലാമി* - മുസ്ത്വഫസ്സിബാഇ.

പ്രവാചക നിയോഗത്തിന്റെ ലക്ഷ്യമായി ഖുർആൻ പറയുന്നത് ജനങ്ങൾക്ക് കിതാബും ഹിക്മതും (ഗ്രന്ഥവും യുക്തിജ്ഞാനവും) പഠിപ്പിക്കുക എന്നതാണ്. നിങ്ങൾക്ക് അറിയാത്തത് അദ്ദേഹം പഠിപ്പിക്കുന്നു എന്നും ഖുർആൻ പറയുന്നുണ്ട. അപ്പോൾ ഖുർആന്റെ വിശദീകരണമാണ് സുന്നത്ത്. അഥവാ ഒരു മനുഷ്യന്റെ ഇഹപര വിജയത്തിന് എന്തൊക്കെ അറിഞ്ഞിരിക്കണമോ അതെല്ലാം സുന്നത്തിലുണ്ട്. ഈ വിഷയത്തിൽ അറബിയിൽ എഴുതപ്പെട്ട കൃതികളിൽ ചിലത്: **ഫൽസഫതു ത്തർബിയതിൽ ഇസ്‌ലാമിയ്യ:* അബ്ദുൽജവാദ് സയ്യിദ് ബക്ർ/ദാറുൽ ഫിക്ർ കയ്റോ-1402, **തർബിയതുൽ അത്ഫാൽ ഫിൽഹദീസിശ്ശരീഫ്*/ഖാലിദ് അഹ്മദ് ശൻതൂത്-1417, **ഹദീസുന്നബവി വ ഇൽമുന്നഫ്സ്*/മുഹമ്മദ് ഉസ്മാൻ നജാതി ദാറുശ്ശുറൂഖ്-കയ്റോ 1409, **അൽ ഇൽമു വ അഹ്‌ലുഹു ഫിൽ ഹദീസിന്നബവി അശ്ശരീഫ്*/മുഹ്സിൻ അബ്ദുന്നാളിർ

**കഴിഞ്ഞ 50 വർഷങ്ങൾക്കകം അറബ് ലോകത്തുനിന്ന് ഹദീസ് വിജ്ഞാന ശാഖക്കുണ്ടായ സംഭാവനകൾ നിരവധിയാണ്. ഭൗതിക വിജ്ഞാനീയങ്ങളിലുണ്ടായ വിസ്ഫോടനം ഇത്തരം പഠനങ്ങളെ ത്വരിതഗതിയിലാക്കിയിട്ടുണ്ട്. നേരത്തെ കയ്യെഴുത്തു സംവിധാനമായിരുന്നതിനാൽ വർഷങ്ങൾ നീണ്ട പ്രയത്നം വേണം ഒരു ഗ്രന്ഥം തയാറാക്കാൻ. ഒറ്റമാസം കൊണ്ട് ബൃഹദ് ഗ്രന്ഥം വരെ അച്ചടിക്കാവുന്ന സംവിധാനമാണല്ലോ ഇപ്പോൾ. ഈ സൗകര്യം പഴയ ഹദീസ് ഗ്രന്ഥങ്ങളിൽ അനവധി ഗവേഷണങ്ങൾക്ക് അടുത്ത കാലത്ത് വഴിതുറക്കുകയുണ്ടായി. നബിവചനങ്ങളിലെ പ്രത്യേക പദങ്ങളിലും ശാഖകളിലും വരെ പഠനങ്ങൾ നടക്കുകയാണ്. ഹദീസിലെ ഹബ്വതുസ്സൗദാഅ് (പെരുഞ്ചീരകം), സംസം, ത്വിബ്ബുനബി തുടങ്ങിയ ശീർഷകങ്ങളിൽ നടന്ന പഠനങ്ങൾ ഉദാഹരണം.**

മുഅസ്സസതു റയ്യാൻ ബയ്റൂത്-ഹി. 1419. **ഇസ്തിഖ്ദാമുർ റസൂൽ(സ) അൽ വസാഇലു തഅ്ലീമിയ്യ*/ഹസനുബ്നു അലി അൽ ബശാരി-ഖത്തർ. **അൽജാനിബുൽ ഇഖ്തിസ്വാദി ലിൽ അഹാദീസിന്നബവിയ്യ*/മുഹ്യിദ്ദീൻ അത്വിയ്യ ദാറുൽ ബുഹൂസ് -കുവൈത്ത്. **അൽമാലു മിൽകിയ്യത്തുഹു വ ഇസ്തിസ്മാറുഹു വ ഇൻഫാഖുഹു: ദിറാസതുൻ മൗളൂഇയ്യ ഫിൽ അഹാദീസി ന്നബവിയ്യ*/മുഹമ്മദ് രിഫ്അത് സഊദ് ഖത്തർ-1412.

▶ *താങ്കൾ ഇപ്പോൾ നടത്തിക്കൊണ്ടിരിക്കുന്ന ഗവേഷണ പ്രവർത്തനങ്ങൾ?*

സുഊദി അറേബ്യയിലെ വസാറതു ശുഊനിൽ ഇസ്ലാമിയ്യ: (ഇസ്ലാം കാര്യ മന്ത്രാലയം) ക്കു കീഴിൽ പ്രവർത്തിക്കുന്ന ഹോളിഖുർആൻ പ്രിന്റിംഗ് പ്രസിന്റെ മേൽനോട്ടത്തിലുള്ള ഹദീസ് റിസർച്ച് സെന്ററിലാണ് ഞാൻ സേവനമനുഷ്ഠിക്കുന്നത്. 20 വർഷത്തെ ഒരു ബൃഹത്തായ പദ്ധതിയാണിത്. 19 വർഷം ഇപ്പോൾ പിന്നിട്ടു. മൗസൂഅതുസ്സുന്ന അൽ മുത്വഹ്ഹറ: (സുന്നത്ത് വിജ്ഞാനകോശം) എന്ന പേരിൽ കംപ്യൂട്ടർവൽക്കരിച്ച ഒരു എൻസൈക്ലോപീഡിയ പ്രോജക്ടാണിത്. ഇവിടെ ഇപ്പോൾ നടക്കുന്നത് ഹദീസുകളുടെ കംപ്യൂട്ടർവൽക്കരണമല്ല. അതൊക്കെ മുമ്പ് നടന്നിട്ടുണ്ട്. ഹദീസ് നിവേദകരുടെ പരമ്പര (രിവായത്), ഉള്ളടക്കം (ദിറായത്) എന്നിവയിലെ സൂക്ഷ്മ ഗവേഷണമാണ് ഇപ്പോൾ നടക്കുന്നത്. 60,000 ഹദീസ് നിവേദകരെ സംബന്ധിച്ച് വിശദമായ പഠനം നടത്തിക്കഴിഞ്ഞു. അതിൽ സ്വഹാബികളും താബിഉകളും ഒക്കെ ഉൾപ്പെടും. അപൂർവമായി ഹദീസ് ഗ്രന്ഥങ്ങളിൽ കാണുന്ന മറ്റ് 30,000 പേരുടെയും ജീവചരിത്രം ഗവേഷണ വിധേയമാക്കി. അഥവാ 90,000 റാവിമാരെ സംബന്ധിച്ച പഠനമാണിത്. ഹി. 1408ലാണ് ഇതാരംഭിച്ചത്. അടുത്ത വർഷം 1428-ൽ പൂർണമാവും, ഇൻശാഅല്ലാഹ്. ഇതിന്ന് വേണ്ടി 90 ഗ്രന്ഥങ്ങൾ പഠന വിധേയമാക്കിയിട്ടുണ്ട്. അവ 300 വാള്യങ്ങളുണ്ട്. ഇൽമുൽ ഹദീസിലെ 35 വാള്യമുള്ള ഗ്രന്ഥംവരെ ഈ 90 ഗ്രന്ഥങ്ങളിൽ വരുന്നുണ്ട്. ഒരു നിവേദകനെ സംബന്ധിച്ച 32 ഘടകങ്ങൾ (ഉൻസ്വുർ)ആണ് പഠനവിധേയമാക്കുക. ജനനം, മരണം, യാത്ര തുടങ്ങി ഈ 32-ൽ വരാത്ത ജീവിതാവസ്ഥകൾ അയാൾക്ക് ഉണ്ടാവില്ലെന്നാണ് ഇതു തയാറാക്കിയ പണ്ഡിത സമിതി അഭിപ്രായപ്പെടുന്നത്. ഓരോ ഇനവും കണ്ടെത്തി കംപ്യൂട്ടറിന്റെ പ്രത്യേക പ്രോഗ്രാമിലേക്ക് സേവ് ചെയ്യുന്നതാണ് രീതി.

ബഹുമുഖ ലക്ഷ്യമാണ് ഈ പദ്ധതികൊണ്ട് ഉദ്ദേശിച്ചിരിക്കുന്നത്. ഹദീസിന്റെ സംരക്ഷണമാണ് അതിൽമുഖ്യം. വിദ്യാർഥികൾക്കും ഗവേഷകന്മാർക്കും ഇൽമുൽ ഹദീസ് കൂടുതൽ ഉപകാരപ്രദമാവുംവിധം സജ്ജീകരിക്കുകയെന്നതാണ് രണ്ടാമത്തെ ലക്ഷ്യം. ഹദീസ് നിവേദനത്തിൽ വല്ല തിരിമറിയും നടന്നിട്ടുണ്ടോ എന്ന് ഈ പഠനം കൊണ്ട് നിഷ്പ്രയാസം ബോധ്യമാകും. ഉദാഹരണത്തിന് ഹി. 120-ൽ ഇന്ന വ്യക്തിയെ ഞാൻ ഇറാഖിൽ കണ്ടു എന്നൊരാൾ പറഞ്ഞാൽ, ആ സമയത്ത് പറയപ്പെട്ട ആൾ അവിടെ തന്നെ ഉണ്ടായിരുന്നുവോ എന്ന് പെട്ടെന്ന് കണ്ടെത്താം. ഗ്രന്ഥതാളുകൾ പരതി സൂക്ഷ്മമായി ഇതു മനസ്സിലാക്കാൻ 3 മാസമെങ്കിലും വേണ്ടി വന്നേക്കാം. റാവികളെ കംപ്യൂട്ടർ വത്കരിക്കുന്നതോടെ ഈ പ്രയാസങ്ങളും നീങ്ങുകയാണ്.

▶ *ഹദീസ് വിജ്ഞാനീയത്തിന്റെ വളർച്ചയിൽ യൂറോപ്പ് ഏതെങ്കിലും തരത്തിൽ പങ്ക് വഹിച്ചിട്ടുണ്ടോ?*

വിശുദ്ധ ഖുർആനു ശേഷം ഹദീസ് ഗ്രന്ഥങ്ങളിൽ ഒന്നാം സ്ഥാനത്തുള്ള സ്വഹീഹുൽ ബുഖാരിയുടെ കർത്താവ് റഷ്യക്കാരനാണല്ലോ. ഇസ്ലാമിക വിജ്ഞാനീയങ്ങളുടെ സാർവലൗകികതക്ക് ഒരു തെളിവ് എന്നതിലുപരി ഹദീസിന്റെ സുരക്ഷയുമായി ബന്ധപ്പെട്ട ഒരു മാനുഷിക തലവും ഈ ചരിത്രത്തിനുണ്ട്. അഥവാ അറബ്നാട്ടിൽ നിന്നുള്ളവരല്ല ആദ്യകാല ഗ്രന്ഥകർത്താക്കളിൽ പലരും. മാ വറാഅന്നഹ്റി(ഇറാൻ)ൽ നിന്നുള്ളവരത്രെ അവർ. 19-ാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ മുസ്ലിം ലോകത്തെ അധിനിവേശിച്ച ശക്തികൾ, മുസ്ലിംകൾ എന്തിൽനിന്നാണ് വളർച്ചയും പുരോഗമനവും വികാസവും നേടിയതെന്ന് പഠിച്ചിട്ടുണ്ട്. ഖുർആനും ഹദീസുമാണ് വികാസത്തിന്റെ അടിസ്ഥാനമെന്ന് ശത്രുക്കൾ കണ്ടെത്തി. അതിനാൽ അമൂല്യ ഗ്രന്ഥങ്ങൾ ഉൾപ്പെടുന്ന പല ലൈബ്രറികളും അവർ കൊള്ളയടിച്ചു. ഹാജി ഖലീഫയുടെ *കശ്ഫുള്ളനൂൻ* എന്ന ഗ്രന്ഥം പണ്ട് ഇറാഖിലെ ലൈബ്രറിയിലുണ്ടായിരുന്ന ഗ്രന്ഥങ്ങളുടെ വിഷയവിവര പട്ടിക മാത്രമാണ്. ഹി. ഒന്നാം നൂറ്റാണ്ടിന്റെ പകുതി മുതൽ 10-ാം നൂറ്റാണ്ട് വരെ എഴുതപ്പെട്ട ഗ്രന്ഥങ്ങളായിരുന്നു അവ. പിൽക്കാല ഭരണകൂടങ്ങൾ ആ ഗ്രന്ഥങ്ങൾ ലേലം വിളിച്ച് വിറ്റു. യൂറോപ്യർ അവ വാങ്ങി അവരുടെ നാടുകളിലെ കുഗ്രാമങ്ങളിൽ ലൈബ്രറികളുണ്ടാക്കി സൂക്ഷിച്ചു. ഇത്തരമൊരു ലൈബ്രറി അയർലണ്ടിലെ ഒരു കുഗ്രാമത്തിൽ കണ്ടെത്തിയിട്ടുണ്ട്. അവിടത്തെ ജൂതനായ ലൈബ്രേറിയനോട് എന്ത്കൊണ്ട് ഇവ ഗ്രാമത്തിൽ ശേഖരിച്ചുവെന്ന് ചോദിച്ചപ്പോൾ നഗരങ്ങൾ യുദ്ധമേഖലകളിൽ പെടുന്നതിനാലാണ് ഗ്രാമത്തിൽ ലൈബ്രറി സ്ഥാപിച്ചതെന്നായിരുന്നു എന്റെ ഒരു ഗുരുവിന് ലഭിച്ച മറുപടി. പിൽക്കാലത്ത് ബർലിൻ, സ്പെയിൻ, അയർലന്റ് എന്നിവിടങ്ങളിൽനിന്ന് സുഊദി അറേബ്യ പണം കൊടുത്ത് ഇത്തരം ഗ്രന്ഥങ്ങൾ വാങ്ങിക്കൊണ്ടു വന്നിട്ടുണ്ട്. ഗ്രാനഡ, കൊർദോവ എന്നിവിടങ്ങളിൽനിന്നും നൂറ് കണക്കിന് ഫോട്ടോസ്റ്റാറ്റുകളും കൊണ്ട് വന്നിട്ടുണ്ട്. ഇമാം ബുഖാരിയുടെ കൈയെഴുത്ത് പ്രതി ലോകത്ത് നിരവധി ഉണ്ടായിരുന്നു. ഒന്നിൽനിന്ന് മറ്റൊന്ന് പകർത്തിയാണ് ഇത് അനവധിയായത്. ഇതിൽ ഏറ്റവും അമൂല്യമേതെന്ന അന്വേഷണവുമുണ്ടായി. യാത്ര ഏറെ ദുഷ്കരമായ കാലഘട്ടത്തിലായിരുന്നു ഈ പഠനം. ഒടുവിൽ ഹാഫിള് ഇബ്നു ഹജറിൽ അസ്ഖലാനി ഉപയോഗിച്ച കോപ്പി ഒരു ഓറിയന്റലിസ്റ്റിന്റെ കൈവശമാണ് കണ്ടെത്തിയത്. പിന്നെ മില്യൻ കണക്കിന് വില നൽകി വാങ്ങി അവ ലിബിയയിൽ സൂക്ഷിക്കുകയായിരുന്നു. ■

**ഇമാം ബുഖാരിയുടെ കൈയെഴുത്ത് പ്രതി ലോകത്ത് നിരവധി ഉണ്ടായിരുന്നു. ഒന്നിൽനിന്ന് മറ്റൊന്ന് പകർത്തിയാണ് ഇത് അനവധിയായത്. ഇതിൽ ഏറ്റവും അമൂല്യമേതെന്ന അന്വേഷണവുമുണ്ടായി. യാത്ര ഏറെ ദുഷ്കരമായ കാലഘട്ടത്തിലായിരുന്നു ഈ പഠനം. ഒടുവിൽ ഹാഫിള് ഇബ്നു ഹജറിൽ അസ്ഖലാനി ഉപയോഗിച്ച കോപ്പി ഒരു ഓറിയന്റലിസ്റ്റിന്റെ കൈവശമാണ് കണ്ടെത്തിയത്. പിന്നെ മില്യൻ കണക്കിന് വില നൽകി വാങ്ങി അവ ലിബിയയിൽ സൂക്ഷിക്കുകയായിരുന്നു.**